(ബി) ഉണ്ടെങ്കിൽ വിതരണ വ്യവസ്ഥകൾ എന്തെല്ലാം;

(സി) വിതരണം ചെയ്തിട്ടുള്ളത് ആർക്കൊക്കെ; അവരുടെ വില്ലേജ്, ജാതി, പേര് മുതലായവ വിശദമായികാണിക്കണം;

(ഡി) വിതരണം ചെയ്യുമ്പോഴത്തെ വ്യവസ്ഥപ്രകാരം വിത്തുകൾ വാങ്ങിക്കൊണ്ടുപോയവർ പ്രവൃത്തിച്ചിട്ടുണ്ടോ;

(ഇ) ഇല്ലെങ്കിൽ അതു സംബന്ധമായി എന്തു നടപടി വിഷുക്കാരുടെ മേൽ എടുത്തിട്ടുണ്ട്;

(എഫ്) ഈ വിത്തുകൾ കേന്ദ്രത്തിലേക്ക് എവിടെ നിന്നു കിട്ടി;

(ജി) വിതരണംചെയ്ത വിത്തുകൾക്ക് ഗവൺമെന്റിന്നു വല്ല വിലയും കൊടുക്കേണ്ടിവന്നിട്ടുണ്ടോ, ഉണ്ടെങ്കിൽ എന്തു കൊടുത്തു;

(എച്ച്) ഏതെല്ലാം ഇനത്തരങ്ങളാണ് വിതരണം ചെയ്തിട്ടുള്ളത്?

ഡോക്ടർ എ. ആർ. മേനോൻ:

(എ) ഉണ്ട്.

(ബി) കായ്കറി വിത്തുകൾ സൌജന്യം, നെൽവിത്ത് ഫാ ശതമാനം പലിശക്ക്.

(സി) പേര്, വില്ലേജ്, ജാതി ഇവ കാണിക്കുന്ന ലിസ്റ്റ് അനുബന്ധമായി ചേർത്തിട്ടുണ്ട് (ഫാ-ാം അനുബന്ധം നോക്കുക).

(ഡി) ഉണ്ട്.

(ഇ) (ഡി)യിലെ ചോദ്യോത്തരംകൊണ്ട് ഉത്തരം ആവശ്യമില്ല.

(എഫ്) സെൻട്രൽ ഫാമത്തിൽ നിന്ന്.

(ജി) വിതരണ ആവശ്യത്തിലേക്കായി ക. ഫ—ര —ാ വിലക്കുള്ള കായ്കറി വിത്തുകളും, ഫസൽ ക. വിലക്കുള്ള നെൽവിത്തുകളും സെൻട്രൽ ഫാമത്തിൽനിന്നു തന്നിട്ടുണ്ട്. ഗ്രാമോദ്ധാരണത്തിനായി കൃഷി ഡിപ്പാർട്ട്മെൻറിൽ വെച്ചിട്ടുള്ള ൪,ാ ാ ാ ഉറപ്പികയിൽ നിന്നാണ് ഇവയുടെ വില വകവെച്ചിരിക്കുന്നത്.

(എച്ച്) കായ്കറി വിത്തുകളും, നെൽവിത്തുകളും.

RURAL DEVELOPMENT CENTRE—PURCHASE OF AGRICULTURAL IMPLEMENTS

452. മിസ്റ്റർ കെ. എസ്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു ഗവൺമെണ്ടു മയവായി മറുപടി പറയുമോ.—

(എ) ചേപ്പു ഗ്രാമോദ്ധാരണകേന്ദ്രത്തിൽ കർഷകരുടെ ആവശ്യത്തിനുള്ള പണിയായുധങ്ങൾ Implements ഗ്രാമീണർക്ക് വിതരണം ചെയ്യുവാൻ വാങ്ങിച്ചവ എന്തെല്ലാം;

(ബി) എന്തു വീതം വിലക്ക്, എവിടെ നിന്ന്, ആർ വാങ്ങി;

(സി) ഇവകൾ വിതരണം ചെയ്തിട്ടുണ്ടോ; ഉണ്ടെങ്കിൽ,

LIBRARY ARCHIVES Kerala Legislative Assembly

(ഡി) ആയതു് ആക്കൊക്കെയെന്നും, അവരുടെ വില്ലേജു്, ജാതി ഇവകളും എന്തെല്ലാമെന്നും പറയാമൊ;

(ഇ) വിതരണ വ്യവസ്ഥകളും എന്തെല്ലാം;

(എഫ്) ഇവകളും ആരുടെ ചാർജിലാണു് ഏല്പിച്ചിട്ടുള്ളതു";

(ജി) വിതരണ വ്യവസ്ഥകൾക്കു വിഘ്നം വരുത്തിട്ടുള്ളവർ ആരെങ്കിലും ഉണ്ടൊ;

(എച്ച്) ഉണ്ടെങ്കിൽ അവരുടെ മേൽ എന്തു നടപടിയാണു സർക്കാരുണ്ടു നടത്തിട്ടുള്ളതു?

ഡോക്ടർ എ: ആർ. മേനോൻ:

(എ) ഇരിമ്പുകരി, പിക്കാസു്, മമ്മട്ടി, ഫോക്കു് (Fork) തുമ്പ, (Seven rected mammatty) ചെറിയ കൈക്കോട്ടു്, വലിയ ഫോർക്കു്, (Digging Fork) അരിവാൾ, (Sickle) വെട്ടുകത്തി.

(ബി) ഇരിമ്പുകരി (Each) ൪ — ൩ —൩
പിക്കാസു് ൨ — ൧ —൦
മമ്മട്ടി ൨ — ൨ —൦
ഫോർക്കു് ൦ — ൧ —൦
തുമ്പ ൨ — ൧ —൦
ചെറിയ കൈക്കോട്ടു് ൦ —൨ ൪ —൦
അരിവാൾ ൦ — ൩ —൦
വെട്ടുകത്തി ൦ —൨ ൨ — ൦
വലിയ ഫോർക്കു് ൪ — ൦ —൦
ഈ സാധനങ്ങൾ കൃഷി ഡയറക്ടർ അയച്ചു തന്നിട്ടുള്ളവയാണു്.

(സി) ഉണ്ടു്.

(ഡി) ലിസ്റ്റു് കൌൺസിൽ മേശപ്പുറത്തു വെച്ചിരിക്കുന്നു.

(ഇ) സാധനങ്ങളുടെ വില തവണകളായി അടച്ചുതീർക്കണം.

(എഫ്") റൂറൽ ഡവലപ്പുമെന്റു് ആഫീസരുടെ.

(ജി) ഇല്ല.

(എച്ച്) (ജി)യിലെ ചോദ്യോത്തരംകൊണ്ടു് ഉത്തരം ആവശ്യമില്ല.

RURAL DEVELOPMENT CENTRE—TANKS AND WELLS—REPAIR OF

453. മിസ്റ്റർ കെ. എസ്സു്. പണിക്കർ: താഴെപറയുന്ന ചോദ്യങ്ങൾക്കു സർക്കാരുണ്ടു ദയവായി മറുപടി പറയുമോ.—

(എ) ൧൯൩൮-ൽ ചേപ്പു ഗ്രാമോദ്ധാരണകേന്ദ്രം വഴിയായി ആ കേന്ദ്രത്തിന്റെ പരിധിയിൽ പെടുത്തിയിട്ടുള്ള വില്ലേജുകളിൽ കുളങ്ങൾ, കിണറുകൾ ഇവകൾ പോരെടുത്തു വെടിപ്പാക്കുന്നതിനും മറ്റും എത്ര സംഖ്യ ആകെ ചിലവു ചെയ്തിട്ടുണ്ടു";

LIBRARY ARCHIVES Kerala Legislative Assembly